REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 19-06-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദി നളന്ദ സർവകലാശാലയുടെ പുതിയ കാമ്പസ് ഇന്ന് രാഷ്ട്രത്തിന് സമർപ്പിക്കും.
- വിവരങ്ങൾ നിയന്ത്രണശക്തിയാണെന്നും വ്യാജ വിവരങ്ങൾ ദുരന്തങ്ങളിലേക്ക് നയിക്കുമെന്നും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ.
- നീറ്റ് UG പരീക്ഷാ ഫലത്തെപ്പറ്റി ഉയർന്ന ആക്ഷേപങ്ങൾ രാജ്യത്തെ പ്രവേശന പരീക്ഷാ സമ്പ്രദായത്തിന്റെ വിശ്വാസ്യതയെ ബാധിച്ചെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം ഇന്ന് പുനരാരംഭിക്കും.
- ഇന്ന് വായനാദിനം.
- ICC പുരുഷ ട്വന്റി-20 ക്രിക്കറ്റ് സൂപ്പർ-8 റൗണ്ട് മത്സരങ്ങൾക്ക് ഇന്ന് തുടക്കമാകും.

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ബീഹാർ സന്ദർശിക്കും. നളന്ദ സർവകലാശാലയുടെ പുതിയ കാമ്പസ് അദ്ദേഹം രാഷ്ട്രത്തിന് സമർപ്പിക്കും. പുതിയ കാമ്പസുമായി അടുത്ത ബന്ധം പുലർത്തുന്ന രാജ്ഗീറിലെ ലോകപൈതൃകമായ നളന്ദ

സർവകലാശാലയുടെ പുരാതന അവശിഷ്ടങ്ങൾ ഉൾക്കൊള്ളുന്ന സ്ഥലങ്ങളും പ്രധാനമന്ത്രി സന്ദർശിക്കും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

(വോയ്സ്)

നളന്ദ ജില്ലയിലെ രാജ്ഗീറിലാണ് സർവകലാശാലയുടെ പുതിയ കാമ്പസ്. ഇന്ത്യയും പൂർവ്വേഷ്യൻ ഉച്ചകോടി രാജ്യങ്ങളും തമ്മിലെ സംയുക്ത സഹകരണത്തിന്റെ ഭാഗമായാണ് നളന്ദ സർവകലാശാല വിഭാവനം ചെയ്തത്. 17 രാജ്യങ്ങളിലെ നയതന്ത്ര പ്രതിനിധികൾ അടക്കം പ്രമുഖർ ഉദ്ഘാടന ചടങ്ങിന്റെ ഭാഗമാകും.

അത്യാധുനിക അടിസ്ഥാന സൗകര്യങ്ങളോടെ 450 ഏക്കറിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രമേയത്തിലാണ് നെറ്റ്-സീറോ ഹരിത കാമ്പസ് എന്ന രീതിയിൽ സർവകലാശാല കാമ്പസ് സജ്ജീകരിച്ചിരിക്കുന്നത്. സൗരോർജ, ജലശുദ്ധീകരണ-പുനരുപയോഗ പ്ലാന്റുകളും കാമ്പസിൽ ഒരുക്കിയിട്ടുണ്ട്. 2014-ൽ പ്രവേശനം പൂർത്തിയാക്കിയ ആദ്യബാച്ചിന്റെ ക്ലാസുകൾ താൽക്കാലിക കാമ്പസിൽ ആരംഭിച്ചിരുന്നു. നിലവിൽ സർവകലാശാലയുടെ ഭാഗമായി ആറ് പഠനകേന്ദ്രങ്ങളുണ്ട്.

✪✪✪

വിവരങ്ങൾ നിയന്ത്രണശക്തിയാണെന്നും വ്യാജ വിവരങ്ങൾ സങ്കൽപ്പിക്കാനാവാത്ത ദുരന്തങ്ങളിലേക്ക്

നയിക്കുമെന്നും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ പറഞ്ഞു. 2022-23 ബാച്ചുകളിലെ ഇന്ത്യൻ ഇൻഫർമേഷൻ സർവീസ് ഉദ്യോഗസ്ഥ ട്രെയിനികളെ അഭിസംബോധന ചെയ്യുകയായിരുന്നു ഉപരാഷ്ട്രപതി.

ആശയ വിനിമയരംഗത്ത് പ്രവർത്തിക്കുന്നവരെന്ന നിലയിൽ ഓരോ IIS ഉദ്യോഗസ്ഥനും പൊതുജന വിശ്വാസ്യതയുടെ കാത്തുസൂക്ഷിപ്പുകാരാണ്. ജനങ്ങൾക്കും അവർ തിരഞ്ഞെടുത്ത ഗവണ്മെന്റിനും ഇടയിലെ പാലമായി നിലകൊള്ളേണ്ടവരാണ് അവരെന്നും ജഗ്ദീപ് ധൻഖർ പറഞ്ഞു. ഉയർന്ന വിശ്വാസ്യതയോടെ ശരിയായ വിവരങ്ങൾ മാത്രമാണ് കൈമാറുന്നതെന്ന് ഉറപ്പാക്കണമെന്നും ഉപരാഷ്ട്രപതി നിർദേശിച്ചു.

✪✪✪

രാജ്യത്തെ നൈപുണ്യ വികസനരംഗത്തെ സമഗ്ര പരിവർത്തനത്തിന് ഗവണ്മെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്രമന്ത്രി ജയന്ദ് ചൗധരി പറഞ്ഞു. ന്യൂഡൽഹിയിൽ ഡയറക്ടറേറ്റ് ജനറൽ ഓഫ് ട്രെയിനിങിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയായിരുന്നു അദ്ദേഹം.

അതിവേഗം മാറുന്ന ആഗോള സാമ്പത്തിക രംഗത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് പ്രാപ്തമായ നൈപുണ്യ വിഭവശേഷി രാജ്യത്ത് സജ്ജമാക്കാൻ മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾക്ക് സാധിക്കുമെന്ന് അദ്ദേഹം വിശ്വാസം പ്രകടിപ്പിച്ചു.

✪✪✪

സിന്തറ്റിക് പാൽ ഇന്ത്യയിൽ പലയിടങ്ങളിലും വ്യാപകമായി ഉപയോഗിക്കുന്നുണ്ടെന്നും ഇതിനെതിരേ ജനങ്ങളെ ബോധവൽക്കരിക്കണമെന്നും കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ പറഞ്ഞു.

പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധിയുടെ പതിനേഴാം ഗഡുവിന്റെ വിതരണ ഉദ്ഘാടനം കുമരകം കൃഷി വിജ്ഞാൻ കേന്ദ്രത്തിൽ നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിൽ സിന്തറ്റിക് പാലിന്റെ ഉൽപാദനം ഇല്ലെന്നും പക്ഷേ മറ്റു സംസ്ഥാനങ്ങളിൽ പനീർ പോലുള്ള പാലുൽപ്പന്നങ്ങളിൽ കൃത്രിമം വ്യാപകമാണെന്നും ഇതിനെതിരേ ബോധവൽക്കരണം നടത്താൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയതായും ജോർജ് കുര്യൻ പറഞ്ഞു.

✪✪✪

ഭൂപതിരാജു ശ്രീനിവാസവർമ്മ കേന്ദ്ര സഹമന്ത്രിയായി ചുമതലയേറ്റു. ഉരുക്ക് മന്ത്രാലയത്തിന്റെ ചുമതലയാണ് അദ്ദേഹം വഹിക്കുക. ഉരുക്ക് മന്ത്രാലയ സെക്രട്ടറി നാഗേന്ദ്ര നാഥ് സിൻഹയും മന്ത്രാലയത്തിലെ മുതിർന്ന ഉദ്യോഗസ്ഥരും മന്ത്രിയെ സ്വാഗതം ചെയ്തു.

✪✪✪

പ്രധാനമന്ത്രിയുടെ പ്രതിമാസ റേഡിയോ പരിപാടിയായ മൻ കി ബാത്തിലേക്ക് ആശയങ്ങളും നിർദ്ദേശങ്ങളും MY GOV ഓപ്പൺ ഫോറത്തിലോ, നമോ മൊബൈൽ ആപ്പിലോ പങ്കുവെയ്ക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അഭ്യർത്ഥിച്ചു. തെരഞ്ഞെടുപ്പ് കാരണം മാസങ്ങളുടെ ഇടവേള

എടുത്ത മൻകീ ബാത്ത് തിരിച്ചെത്തുന്ന വിവരം പങ്കുവെയ്ക്കുന്നതിൽ സന്തോഷമുണ്ടെന്ന് പ്രധാനമന്ത്രി X പോസ്റ്റിൽ കുറിച്ചു. ഈ മാസം 30-നാണ് മൻ കീ ബാത്തിന്റെ 111-ാം എപ്പിസോഡ്.

✪✪✪

കോൺഗ്രസ് നേതാവും എംപിയും ആയ രാഹുൽ ഗാന്ധി വയനാട് ലോക്സഭാ അംഗത്വം രാജിവച്ചു. അദ്ദേഹത്തിന്റെ രാജി ലോക്സഭാ സ്പീക്കർ ഓം ബിർള സ്വീകരിച്ചു.

ലോക്സഭാ തിരഞ്ഞെടുപ്പിൽ വയനാട്ടിലും റായ് ബറേലിയിലും വിജയിച്ച രാഹുൽ ഗാന്ധി, റായ് ബറേലി സീറ്റ് നിലനിർത്തുമെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ കഴിഞ്ഞ ദിവസം അറിയിച്ചിരുന്നു.

വയനാട് ലോക്സഭ മണ്ഡലത്തിൽ പ്രിയങ്ക ഗാന്ധി മത്സരിക്കുമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. നെഹ്റു കുടുംബത്തോട് അടുപ്പം പുലർത്തുന്ന റായ്ബറേലി സീറ്റ് രാഹുൽഗാന്ധി നിലനിർത്തണമെന്ന് പാർട്ടി തീരുമാനിച്ചിരുന്നതായും ഖാർഗെ അറിയിച്ചു.

✪✪✪

നീറ്റ് UG പരീക്ഷാ ഫലത്തെപ്പറ്റി ഉയർന്നുവന്ന ആക്ഷേപങ്ങൾ രാജ്യത്തെ പ്രവേശന പരീക്ഷാ സമ്പ്രദായത്തിന്റെ വിശ്വാസ്യതയെ തന്നെ ബാധിക്കുന്ന കാര്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പരീക്ഷയുടെ നടത്തിപ്പിൽ അട്ടിമറിയുണ്ടായത് അത്യന്തം ഗൗരവകരമായ വിഷയമാണെന്ന് തിരിച്ചറിഞ്ഞിട്ടും

ഫലപ്രദമായ ഇടപെടലിന് കേന്ദ്ര ഗവൺമെന്റ് തയാറാകാത്തത് ആശ്ചര്യജനകമാണെന്ന് മുഖ്യമന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

***

പുതുതായി പ്രാബല്യത്തിൽ വന്ന മൂന്ന് ക്രിമിനൽ നിയമങ്ങൾ നടപ്പാക്കരുതെന്ന് തമിഴ്നാട് മുഖ്യമന്ത്രി M.K. സ്റ്റാലിൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. ഇന്ത്യൻ ഭരണഘടനയുടെ കൺകറന്റ് ലിസ്റ്റിൽപെടുന്ന പുതിയ നിയമനിർമ്മാണങ്ങൾ മതിയായ ചർച്ചകളും കൂടിയാലോചനകളും ഇല്ലാതെ തിടുക്കത്തിൽ നടപ്പാക്കരുതെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായ്ക്ക് അയച്ച കത്തിൽ അദ്ദേഹം വ്യക്തമാക്കി.

***

ഡാർജിലിങ്ങിലെ രംഗപാണി റെയിൽവേ സ്റ്റേഷനു സമീപം കഴിഞ്ഞ ദിവസമുണ്ടായ ട്രെയിനപകടത്തെ തുടർന്ന് തടസ്സപ്പെട്ട ട്രെയിൻ ഗതാഗതം സാധാരണ നിലയിലായതായി റെയിൽവേ അറിയിച്ചു.

അതേസമയം അപകടത്തിൽ മരണസംഖ്യ 10 ആയി ഉയർന്നു. ഗുരുതരമായി പരിക്കേറ്റ പത്തുപേർ വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്.

***

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം ഇന്ന് പുനരാരംഭിക്കും. 2024 - 25 സാമ്പത്തിക വർഷത്തെ ബജറ്റിലെ ധനാഭ്യർത്ഥനകളുടെ ചർച്ചയും

വോട്ടെടുപ്പും ഇന്ന് നടക്കും. അടുത്ത മാസം 25 വരെ നീളുന്ന സമ്മേളനം ഈ മാസം 10 നാണ് ആരംഭിച്ചത്.

✪✪✪

കാമ്പസിന്റെ മതിൽക്കെട്ടിന് പുറത്തെ സമൂഹം നേരിടുന്ന പ്രശ്നങ്ങൾക്ക് ശരിയായ ഉത്തരം നൽകാൻ കഴിയുന്ന പഠന-ഗവേഷണങ്ങളെയാണ് നാം പ്രോത്സാഹിപ്പിക്കേണ്ടതെന്ന് മന്ത്രി ഡോ. ആർ. ബിന്ദു പറഞ്ഞു. കാലിക്കറ്റ് സർവകലാശാലയിൽ വിവിധ പദ്ധതികൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. നാലുവർഷബിരുദ പാഠ്യപദ്ധതി കേരളത്തിന്റെ സവിശേഷ സാഹചര്യങ്ങൾ കണക്കിലെടുത്ത് തയ്യാറാക്കിയതാണെന്ന് മന്ത്രി വ്യക്തമാക്കി.

✪✪✪

സംസ്ഥാനത്തെ മികച്ച ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾക്ക് നൽകുന്ന പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. ജില്ലാ തലത്തിൽ കോട്ടയം മാന്നാനം സെന്റ് എഫ്രേംസ് HSS- ഒന്നാം സ്ഥാനവും വാകക്കാട് അൽഫോൺസ HS-ഉം രണ്ടാം സ്ഥാനവും നേടി. അടുത്ത മാസം ആറിന് തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ പുരസ്കാരങ്ങൾ വിതരണം ചെയ്യും. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ നടപ്പാക്കുന്ന ഹൈടെക് പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്.

✪✪✪

ഇന്ന് വായനാദിനം.

കേരള ഗ്രന്ഥശാലാ സംഘത്തിന്റെ സ്ഥാപകൻ P.N.പണിക്കരുടെ ചരമദിനമാണ് വായനാദിനമായി ആചരിക്കുന്നത്. വായിച്ചുവളരുക എന്ന സന്ദേശം ജനങ്ങളിലെത്തിച്ച പി.എൻ.പണിക്കരെ സ്മരിക്കാനും അദ്ദേഹം തുടങ്ങിവച്ച കർമപരിപാടികളുടെ പ്രവർത്തന ശൃംഖല വ്യാപകമാക്കാനും വായന ഒരു ശീലമാക്കാനും ലക്ഷ്യമിട്ടാണ് ദിനാചരണം.

ഡെസ്ക് റിപ്പോർട്ട്.

.......(വോയ്സ്) ...........

ഇന്റർനെറ്റിന്റെയും നവമാധ്യമങ്ങളുടെയും കാലത്ത് വായന അന്യമാകുന്നുവെന്ന പരിഭവം മുതിർന്ന തലമുറ പങ്കുവെയ്ക്കുമ്പോഴും സാങ്കേതിക വിദ്യയിലൂടെ വായനയുടെ പുതിയ തലങ്ങൾ കണ്ടെത്താൻ ശ്രമിക്കുന്നവരും കുറവല്ല. വായനയുടെ ലോകത്തേക്ക് പുതുതലമുറയെ ആകർഷിക്കാൻ വിപുലമായ പരിപാടികളാണ് വായനാ ദിനത്തോടനുബന്ധിച്ച് സംസ്ഥാനമെങ്ങും സംഘടിപ്പിക്കുന്നത്. ഒരാഴ്ച നീണ്ടുനിൽക്കുന്ന വായനാ പക്ഷാചരണവും ഇതോടനുബന്ധിച്ച് നടത്തും.

കാസർകോട് ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന വായനാ പക്ഷാചരണത്തിന്റെ ജില്ലാതല പരിപാടിയും പി.എൻ.പണിക്കർ അനുസ്മരണവും ജില്ലാകളക്ടർ കെ. ഇമ്പശേഖർ ഉദ്ഘാടനം ചെയ്യും. കവി ദിവാകരൻ വിഷ്ണുമംഗലം മുഖ്യപ്രഭാഷണം നടത്തും.

കണ്ണൂർ ജില്ലാ തല ഉദ്ഘാടനം ചാല ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ ജില്ലാ കലക്ടർ അരുൺ കെ വിജയൻ നിർവഹിക്കും. പ്രശസ്ത നാടക രചയിതാവ് ഇബ്രാഹിം വെങ്ങര വിശിഷ്ടാതിഥിയാകും.

കോഴിക്കോട്ട് P.N പണിക്കർ ഫൌണ്ടേഷന്റെ നേതൃത്വത്തിൽ വായനാദിന പരിപാടി നോവലിസ്റ്റ് U.K കുമാരൻ ഉദ്ഘാടനം ചെയ്യും.

കോട്ടയത്ത് വായനാ പക്ഷാചരണത്തിന്റെ ജില്ലാതല പരിപാടി വാഴൂർ ഗവൺമെന്റ് ഹൈസ്കൂളിൽ സംഘടിപ്പിക്കും.

വിദ്യാലയങ്ങളുടെയും സാംസ്കാരിക കേന്ദ്രങ്ങളുടെയും നേതൃത്വത്തിൽ വിവിധയിടങ്ങളിലും വിപുലമായ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

കൊച്ചി കാക്കനാട് D.L.F ഫ്ളാറ്റിൽ താമസിക്കുന്ന 400ലധികം പേർക്ക് വയറിളക്കവും ഛർദിലും ഉണ്ടായതിനെ തുടർന്ന് ആരോഗ്യവകുപ്പ് നടപടികൾ ഊർജ്ജിതമാക്കി. ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ 441 പേർക്ക് കഴിഞ്ഞ രണ്ടാഴ്ചക്കുള്ളിൽ രോഗലക്ഷണങ്ങൾ ഉണ്ടായിരുന്നതായി കണ്ടെത്തി. ഫ്ലാറ്റ് സമുച്ചയത്തിലെ വിവിധ ജല സ്രോതസ്സുകളിൽ നിന്നും ഓവർഹെഡ് ടാങ്കുകളിൽ നിന്നും ശേഖരിച്ച ജലത്തിന്റെ സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്.

✪✪✪

ICC പുരുഷ ട്വന്റി-20 ക്രിക്കറ്റ് സൂപ്പർ-8 റൗണ്ട് മത്സരങ്ങൾക്ക് ഇന്ന് തുടക്കമാകും. വെസ്റ്റ് ഇൻഡീസിലാണ് ഈ റൗണ്ടിലെ എല്ലാ മത്സരങ്ങളും. ആദ്യമത്സരത്തിൽ രാത്രി എട്ടിന് അമേരിക്ക ദക്ഷിണാഫ്രിക്കയെ നേരിടും. ഇന്ത്യ-അഫ്ഗാനിസ്ഥാൻ മത്സരം നാളെയാണ്.

✪✪✪

ലോക അത്‌ലറ്റിക്സ് കോണ്ടിനെന്റൽ ഗോൾഡ് ടൂറിൽ പുരുഷ ജാവലിൻ ത്രോയിൽ നീരജ് ചോപ്ര സ്വർണം നേടി. ഫിൻലൻഡിലെ തുർക്കു പാവോ നൂർമി സ്റ്റേഡിയത്തിൽ 85.97 മീറ്റർ എറിഞ്ഞാണ് അദ്ദേഹം സ്വർണ്ണം നേടിയത്.

✪✪✪

JDS കേരള ഘടകം ജനതാദൾ S എന്ന പേര് ഉപേക്ഷിച്ച് പുതിയ പാർട്ടി രജിസ്റ്റർ ചെയ്യുമെന്ന് പാർട്ടി സംസ്ഥാന പ്രസിഡന്റ് മാത്യു ടി തോമസ് വാർത്താ സമ്മേളനത്തിൽ അറിയിച്ചു. തിരുവനന്തപുരത്ത് ചേർന്ന സംസ്ഥാന നേതൃയോഗത്തിലാണ് തീരുമാനം. ദേശീയ നേതൃത്വം BJP ബന്ധം ഉപേക്ഷിച്ചാൽ അതിലേക്കു ലയിക്കുമെന്നും പാർട്ടി കേരള ഘടകം ഇടതുപക്ഷത്തിനൊപ്പമാണെന്നും മാത്യു ടി തോമസ് വ്യക്തമാക്കി.

✪✪✪

സംസ്ഥാനത്ത് ശനിയാഴ്ച വരെ ഇടിമിന്നലോടു കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്ന് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലും

**നാളെ കണ്ണൂർ, കാസർകോഡ് ജില്ലകളിലും മഞ്ഞ ജാഗ്രത നിർദേശമുണ്ട്.**